ഒന്നെടുക്കുമ്പോൾ രണ്ട്

ബിജു റോക്കി

ഒന്നെടുക്കുമ്പോൾ രണ്ട്
ബിജു റോക്കി
(മലയാളം: കവിതകൾ)

© 2021, Biju Rocky

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Foliage, Flowers and Seed Vessel of the Opium Poppy, a painting by Marianne North (1830–1890). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 ഒന്നെടുക്കുമ്പോൾ രണ്ട് . . . 4

2 ഒറ്റനിറം 5

3 സിങ്കിൽ വീണ പാറ്റ 6

4 അന്നന്നത്തെ അപ്പം 7

5 ആരോ വരുന്നു 8

6 മരണഘടന 9

1

ഒന്നെടുക്കുമ്പോൾ രണ്ട്



കവിത എഴുതാൻ തുടങ്ങുമ്പോൾ
കിളി മാത്രമേയുള്ളൂ.
പല മാലകളിൽനിന്ന്
അക്ഷരമൂർത്തിയെടുത്തു
കിളിയെ കോർത്തു.
കൊക്കിനെ കൂടുതൽ കൂർപ്പിച്ചു.
വട്ടക്കണ്ണിയെ നീൾമിഴിയാക്കി
പാട്ടിൽ തേനൊഴിച്ചു
ചെമപ്പുവാലിൽ
പച്ചയും നീലയും അധികം ചേർത്തു.
ചിറകിൽ പപ്പുകളേറെ തുന്നിക്കൊടുത്തു.
കിളിച്ചിത്രം തീരുംമുമ്പേ
ഓലനാരുകളാൽ
കൂടൊരുക്കി, കിളി.
കൂടിനെക്കുറിച്ചെഴുതുമ്പോഴേക്കും
കിളി മുട്ടയിട്ടു.
മുട്ടയെക്കുറിച്ചെഴുതുമ്പോഴേക്കും
ചിറകിൻചോട്ടിൽ ചൂട്ട് പരന്നു
കുഞ്ഞ് വിരിയുമ്പോഴേക്കും
കവിയോട് ചോദിക്കാതെ
വലിഞ്ഞുകേറി പാമ്പ് വന്നു.
കവിത കിളിയെക്കുറിച്ചാണ്
പാമ്പ് വിളിക്കാതെ വന്നതാണ്.
കവി മൃദുലചിത്തനാണ്.
കിളിയും പൂവും മലരുമാണിഷ്ടം.
പക്ഷേ, പാമ്പിനതറിയില്ലല്ലോ.
പാമ്പ് കിളിക്കൂട്ടിലേക്ക്
താളഭംഗിയോടെ
വൃത്തമെഴുതി ഇഴഞ്ഞുകയറുന്നു.
പറഞ്ഞല്ലോ,
കിളിയുടെ കവിതയിൽ
പാമ്പിന് ഇടമില്ലെന്ന്.
പക്ഷേ, പാമ്പിനതറിയില്ലല്ലോ.
മുട്ടയും പാമ്പും
തൊട്ടടുത്ത് കണ്ട നിമിഷത്തിൽ
കവി കണ്ണടച്ചു.
കവിതയിൽ നിന്ന്
പാമ്പ് ഇഴഞ്ഞുപോകാൻ കൊതിച്ചു.
പക്ഷേ, പാമ്പിന്റെ വായിൽ
ഞെരിയുകയാണിപ്പോൾ
മുട്ടയും
പറക്കാൻ കൊതിച്ച കുഞ്ഞും.
ഹാ, കഷ്ടം വെച്ച്
പാമ്പിനെ തല്ലിച്ചതച്ച്
ജീവനോടെ കുഴിച്ചുമൂടി.
കിളിക്കൂട് അടുപ്പിൽ വെച്ചു.
എഴുതിയതെല്ലാം കീറിക്കളഞ്ഞു.
പുതിയ കവിത എഴുതിത്തുടങ്ങി.
കവിതയുടെ പേര്:
കിളിക്കൂട് ഒളിപ്പിച്ച
വെളിച്ചം
.....
മിന്നാമിനുങ്ങുകളെ പറത്തിവിട്ട്
കിളിക്കൂട് കത്തുന്നു
സൗമ്യമായ വെളിച്ചം പൊന്തുന്നു.
കിളിക്കുഞ്ഞിന്റെ ചിറകല്ലേ
മഞ്ഞവെളിച്ചമായി
ആളിയിളകി നിൽക്കുന്നു?

2

ഒറ്റനിറം



എല്ല് മാറ്റി
മാംസം മാത്രം
ഉരുട്ടി വെച്ച പലഹാരം പോലെ
ഒരു കുന്നിൻചെരുവ് നിറയെ
കോഴി കുഞ്ഞുങ്ങൾ
തത്തിക്കളിക്കുന്ന
ഉപഗ്രഹ ചിത്രത്തിൽ
ഒരു പൂക്കുട ആകാശത്തേക്ക്
ആരോ നീട്ടിയ പോലെ.
ഇപ്പോൾ വിരിഞ്ഞ അവയുടെ
തുടിക്കുന്ന ആവേശം.
അവറ്റ കിടന്ന്
അമ്മേ, അമ്മേയെന്നു കരയുന്നുണ്ട്.
അമ്മ എവിടെപ്പോയി?
പലനിറങ്ങൾ നിറഞ്ഞ
കാട്ടുപ്പഴങ്ങളുടെ കൊട്ട ചെരിഞ്ഞപോലെ
കുഞ്ഞുങ്ങളെല്ലാം ഉരുണ്ടുരുണ്ട്...
വൈഡ് ആംഗിൾ വെയ്ക്കുമ്പോൾ
പറന്നെത്തുന്ന പരുന്തുകളെ കാണാം.
സ്റ്റാർട്ടറായി താലത്തിലെത്തുന്ന
ചിക്കൻ ടിക്കയെ
സ്റ്റിക്കിൽ കൊത്തിയെടുത്തു വിഴുങ്ങുംപോലെ
ഓരോന്നിനെയും
പരുന്തുകൾ
അകത്താക്കാൻ തുടങ്ങി.
കാറ്റിൽ പറക്കുന്ന
മഴക്കാറ് പോലെ
കൂട്ടം കൂട്ടമായി
പരുന്തുകൾ വന്നു.
കോഴികുഞ്ഞുങ്ങളാൽ നിറഞ്ഞ
കുന്നിൽ
ഇപ്പോൾ
പരുന്തുകൾ അടയിരിക്കുന്നു.
ഉപഗ്രഹ ചിത്രത്തിൽ
പരുന്തുകളാൽ നിറഞ്ഞ
കുന്നിന്
ഇപ്പോൾ
ഒറ്റ നിറം.
.....

3

സിങ്കിൽ വീണ പാറ്റ



സിങ്കിൽ വീണ പാറ്റയെ കണ്ടപ്പോൾ
വെറുപ്പ് തോന്നി.
കുനുകുനാ മുള്ളുരോമങ്ങളുമായി
കാലിട്ടടിക്കുന്ന അശ്രീകരം.
സിങ്കിൽ വീണ പാറ്റ
തലകീഴായി കിടക്കുകയാണ്.
അതുമാത്രമാണ് സത്യം.
വായുവിൽ ചക്രം ചവിട്ടുന്നു.
വെള്ളത്തിൽ ഒട്ടികിടക്കുന്ന
സ്പർശിനികളെ
ഉയർത്തിയെടുക്കാൻ നോക്കുന്നു.
ചിലപ്പോൾ രാത്രിമുഴുവൻ
ചവിട്ടിക്കേറാൻ ശ്രമിച്ചിരിക്കാം.
കഴിഞ്ഞ ജന്മത്തിൽ
ചക്രംചവിട്ടി
വെള്ളം മറിച്ച
കർഷകനാണോ?
ചപ്പാത്തിപിടി തൊട്ടുമ്പോൾ
തെല്ലിട ചത്ത് കിടക്കുന്നു.
ആളനക്കം മുറിയുമ്പോൾ
പിന്നെയും തുഴച്ചിൽ.
നിവർന്നു നിൽക്കാത്ത ലോകത്തെ കണ്ട്
അത്ഭുതപ്പെട്ട് കിടക്കുകയാണോ?
ആദ്യം വീണ ഇലയിൽ
കായൽസവാരി ചെയ്യുകയാണോ?
സ്വൽപ്പം തലകീഴ് മറിഞ്ഞ ലോകം.
അതേ കാണുന്നുള്ളൂ.
മച്ചിന്റെ ഒരു തുണ്ട്.
അത്രയും വാവട്ടമേയുള്ളൂ.
കിണറ്റിലാണോ?
തവളയാണോ?
ആദ്യമായിട്ടാണോ ഈ പാറ്റ
ലോകത്തെ ഇങ്ങനെ
തലക്കീഴായി കാണുന്നതു?
സത്യത്തിൽ ഈ പാറ്റ പുതിയ ലോകം കണ്ട്
സന്തോഷിച്ച് ചിരിക്കുകയാണോ?
ഇനി മേലിൽ ഇങ്ങനെ കിടക്കാൻ മാത്രം
ഇഷ്ടം വന്നിരിക്കുമോ?
സിങ്കിൽ വീണ പാറ്റയെ
കണ്ട് അലിവൊന്നുമില്ല.
സിങ്കിൽ വീണ പാറ്റ, പാറ്റ മാത്രമാണ്.
സിങ്കിൽ വീണ പാറ്റ അത്ര മാത്രമാണ്.
സിങ്കിൽ വീണ പാറ്റയെ കൂടുതലായി
എന്തിന് കാണണം?
ഒരു ചൂല് കാണുന്നതിനേക്കാളും?

4

അന്നത്തെ അപ്പം

വെട്ടാൻ കൊണ്ടുവന്ന പോത്തായിരുന്നു.
കുടുക്കിക്കെട്ടി
നിറന്തലയിൽ കൂടംകൊണ്ടടിച്ച്
വെട്ടിമലർത്താനായിരുന്നു പ്ലാൻ.
കത്തി രാകിപറക്കുംനേരം
അയ്യോ അരുതേയെന്ന അശരീരി മുഴങ്ങി.
കണ്ണുകളിലെ നനവിൽ
മിന്നായം പോലെ
ഇണ,
കുത്തുകൂടി കളിക്കുന്ന കുട്ടികൾ...
അമ്മ...
കയറൂരി വിടാൻ തോന്നി.
പോത്തിന് പോത്തിന്റെ മേച്ചിൽപ്പുറം.
പച്ചപരമാർത്ഥമായ പുൽത്തകിടികൾ.
ഇടച്ചിറത്തോട്ട്.
കുട്ടിച്ചെളി.
ഈച്ചകൾ.
വാലെത്താത്തിടത്തെ
ചെള്ളിന്റെ പെരുക്കങ്ങൾക്ക്
കുത്തിക്കലാശം കൊട്ടുന്ന
കിളികൾ.
പാടത്തിന് മേലാപ്പിലെ
മുഴുവൻ ആകാശവും.
തീവണ്ടി കളിച്ചുവരുന്ന കാറ്റും.
ഓൻ ഹാപ്പിയാണ്.
എന്റെ കാര്യമാണണ്ണാ കഷ്ടം.
എന്തു തിന്നാൻ എടുക്കുമ്പോഴും
അവൻ,
ആ അശരീരി
കഴുത്ത് പീച്ചാനെത്തുന്നു.
നെല്ലിന്റെ
കിടാങ്ങളാണത്രേ അരിമണികൾ.
ചെന്തുണിയിൽ കിടാങ്ങളെ ഒളിപ്പിച്ച
പടവലങ്ങ, പാവയ്ക്ക.
പൊടിച്ചോരക്കുഞ്ഞന്മാരുമായി കോവയ്ക്ക.
മുക്കണ്ണൻ തേങ്ങ.
എന്തിലും ജീവന്റെ തുള്ളിച്ചാട്ടം.
എന്നെ ഒറ്റമുറിയിലടച്ചിട്ട്
പട്ടിണി
ആളെ കൂട്ടാൻ പോയിരിക്കുകയാണ്.
ഭൂമിയെ ഒറ്റയുരുളയായി വിഴുങ്ങാനുള്ള
വിശപ്പ് വരുന്നു.
ഒട്ടി,
ഞരമ്പ് പിടച്ച,
എന്റെ നടുവിരലിലാണ്
ഇപ്പോൾ കൊതിക്കണ്ണ്.

— 5 —

ആരോ വരുന്നു

പുറപ്പെട്ടുപോയ ആരെയോ കാത്ത്
ലോകം വഴിവക്കിൽ നിൽക്കുന്നു

കുളിച്ച്
ഉള്ളതിൽ മുന്തിയ കുപ്പായമണിഞ്ഞ്
കിട്ടാവുന്ന മണങ്ങളും പൂശി
മലഞ്ചെരിവിൽ
പലതരം മരങ്ങൾ
കാറ്റിൽ ആടി നിൽക്കുന്നു

മുറിവേറ്റ കാൽവണ്ണയിൽ ബാന്റേജ് ചുറ്റിയ
റബ്ബർ മരം
പടരൻ പയറിനോട്ട്
വരുന്നതാരെന്ന് തിരക്കുന്നു.

ആരോ വരുന്നു.
ആരോ വരുന്നു.
ഓരോ കാറ്റിലും
പയർ
പിറുപിറുക്കുന്നു.

എല്ലാ കാഴ്ച്ചകളെയും മായ്ച്ച്
പൊടുന്നനേ കോടയുടെ വിരിപ്പ് വീഴുന്നു.

താഴ്വാരം നിറയെ ചാരപ്പുക നിറയുന്നു
മരങ്ങൾ കൈകളുരച്ച് ചൂടുപിടിപ്പിക്കുന്നു
പുകയ്ക്ക് അപ്പുറം എത്തിനോക്കുന്നു

വീടുകളിലെ ചിമ്മിനി കുഴലിലൂടെ നേർത്ത പുക.
വായുവിൽ അവയെന്താണ് എഴുതി മായ്ക്കുന്നത്?
ആരാണ് വരുന്നത്?

മഴ നനഞ്ഞ തെരുവുനായ
വാൽത്താഴ്ത്തി
മഴയുടെ അപ്പുറം നോക്കി നിൽക്കുന്നു.

പുറപ്പെട്ടുപോയ ആരെയോ കാത്ത്
ലോകം
ഉറങ്ങാതെ നിൽക്കുന്നു.

6

മരണഘടന

കാറ്റ് ആട്ടിയോടിച്ച
മഴ
വളഞ്ഞുകുത്തി നിന്ന രാത്രി.
ടാർകമ്പിളി തലമുഴുവൻ മൂടി
വഴികളുറങ്ങുന്നു.
മരങ്ങളുറങ്ങുന്നു.
ജീവജാലങ്ങളെല്ലാം
ഉറങ്ങുന്നു.

നഗരം ഇരുട്ടിലാണ്.
ഒച്ചകളില്ല.
എംജി റോഡിൽ
മൊബൈൽ ടവറിന് കീഴെ
അന്തിവെളിച്ചത്തിൽ
ഒരനക്കം മാത്രം ജീവനോടെ.
ഇഴഞ്ഞുപോകുന്ന
മൂടിവെച്ച ഏതോ രഹസ്യം.

അടുത്തെത്തിയപ്പോൾ,
മേൽക്കോരിയേറ്റ.
കുഞ്ഞാമ!
റോഡ് മുറിച്ചുകടക്കുകയാണ്
ഒരരുകിൽ നിന്ന്
മറുവശത്തേക്ക്,
മെല്ലേ.

റോഡിന്റെ നടുവിൽ എത്തിയപ്പോൾ
ആമ
തലപൊക്കി നോക്കി.
അപ്പനപ്പൂപ്പന്മാരുടെയും
അമ്മയമ്മൂമ്മമാരുടെയും
ദാഹം തീരാത്ത,
തൊണ്ട വരണ്ട
നോട്ടം.

ചില്ലകളൊടിഞ്ഞ
അശോകമരചോട്ടിലൂടെ,
ത്രിവർണ ട്രാഫിക് സിഗ്നലിലൂടെ
മുതുകിൽ തടവറകൾ വരഞ്ഞ
മരണഘടനയുടെ
പരസ്യചിത്രവുമായി,
ആമ നീങ്ങുന്നു.

കേറ്റിവെച്ച കരിങ്കല്ലിന്റെ
കനത്തിൽ
പുളയുന്ന
പാമ്പായി,
കടൽ കുടിച്ചുവറ്റിക്കാനുള്ള
ദാഹവുമായി
ആമയുടെ ലോംഗ് മാർച്ച്.

□

ബിജു റോക്കി

മാതൃഭൂമി ക്ലബ് എഫ് എം (കൊച്ചി) സീനിയർ കോപ്പി റൈറ്റർ. ചാലക്കുടി സ്വദേശം. ആനുകാലികങ്ങളിൽ കവിത എഴുതുന്നു. മാതൃഭൂമി ഓൺലൈനിൽ 'പുറപ്പെട്ടുപോകുന്ന യാത്രകൾ' എന്ന കോളം ചെയ്യുന്നു.

ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014